15 –ാം കേരള നിയമസഭ

14 –ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1844 **29-09-2025 - ൽ മറുപടിയ്ക്ക്**

സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകരുടെ ശമ്പള സംരക്ഷണം

ചോദ്യം		ഉത്തരം	
ശ്രീ. പി. കെ. ബഷീർ		ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)	
(എ)	സർക്കാർ/എയ്ഡഡ് കോളേജുകളിലെ അധ്യാപക തസ്തികകളിൽ നിന്നും വിടുതൽ ചെയ്ത ശേഷം സർവ്വകലാശാല പഠനവകുപ്പുകളിൽ അധ്യാപകരായി ജോലിയിൽ പ്രവേശിച്ചവർക്ക് അവരുടെ സർക്കാർ/എയ്ഡഡ് കോളേജ് സേവന കാലയളവിലെ ശമ്പളം സംരക്ഷിച്ചു നല്കാറുണ്ടോയെന്ന് വിശദമാക്കാമോ;	(എ)	2010, 2018 യു.ജി.സി. റെഗുലേഷനുകളിൽ നേരിട്ടുള്ള നിയമനത്തിനും CAS പ്രൊമോഷനും മുൻകാല സേവനം കണക്കാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ യു.ജി.സി. റെഗുലേഷനുകളിലോ ആയവ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ച (27.03.2010 ലെ സ.ഉ. (അച്ചടി) നം.58/2010/ഉ.വി.വ., 29.06.2019 ലെ സ.ഉ. (അച്ചടി)നം.18/2019/HEDN) സർക്കാർ ഉത്തരവുകളിലോ മുൻകാല സേവനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച പരാമർശം ഇല്ലാത്ത സാഹചര്യത്തിലും ശമ്പള സംരക്ഷണം അനുവദിക്കുന്ന പക്ഷം ഈ ഇനത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാലും ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി കോടതി കേസുകൾ ഫയൽ ചെയ്യുവരുന്നതിനാലും ഒരു തസ്തികയിൽ ജോലി ചെയ്തുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ ക്ഷണിച്ച് പരീക്ഷ / ഇന്റർവ്യൂ നടത്തി മറ്റൊരു നിയമനം നേടുന്ന പക്ഷം മുൻ നിയമനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നതിന് അനുവാദം നൽകുന്ന സർവകലാശാല സ്റ്റാറ്റ്യൂട്ട് ഒഴിവാക്കിക്കൊണ്ട് സർവകലാശാല സ്റ്റാറ്റ്യൂട്ടുകൾ പരിഷ്കരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുവാൻ 13.09.2023 ലെ ബി2/131/2023-ഉ.വി.വ. നമ്പർ കത്ത് പ്രകാരം സർവകലാശാലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. (പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു.)
(ബി)	ശമ്പള സംരക്ഷണം അനുവദിക്കുമ്പോൾ പ്രസ്തുത അദ്ധ്യാപകർ സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച അധ്യാപക തസ്തികയുടെ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ കൂടുതൽ തുക	(ബി)	(എ)-യിൽ നൽകിയിരിക്കുന്നു.

	ശമ്പളമായി ലഭിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ടോ; വിശദമാക്കാമോ;		
(സി)	അപ്രകാരം തങ്ങളുടെ തസ്തികയുടെ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ കവിഞ്ഞ് ശമ്പള സംരക്ഷണം അനുവദിക്കപ്പെട്ട, സർവീസിൽ നിന്നും വിരമിച്ചവരുൾപ്പെടെയുള്ള മുഴുവൻ അദ്ധ്യാപകരുടെയും വിശദാംശം ലഭ്യമാക്കാമോ;	(സി)	കാലിക്കറ്റ് സർവകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. മറ്റു സർവകലാശാലകൾക്ക് ഇപ്രകാരമുള്ള സാഹചര്യം ഉണ്ടായിട്ടില്ല.
(ഡി)	പ്രവേശന തസ്തികയുടെ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ കവിഞ്ഞ് ശമ്പള സംരക്ഷണം അനുവദിക്കുന്നതിനാധാരമായ സർവ്വകലാശാല ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;	(ഡി)	സർവകലാശാല ചട്ടങ്ങളിൽ ഇത്തരം വ്യവസ്ഥയുള്ളതായി വിവരം ലഭ്യമല്ല.
(ഇ)	അധ്യാപകർക്ക് ശമ്പള സംരക്ഷണം അനുവദിച്ചതുമായി ബന്ധപ്പെട്ട് ആഡിറ്റ് പരിശോധനയിൽ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;	(ഇ)	അദ്ധ്യാപകർക്ക് ശമ്പള സംരക്ഷണം അനുവദിച്ചതുമായി ബന്ധപ്പെട്ട് ആഡിറ്റ് പരിശോധനയിൽ തടസ്സവാദങ്ങൾ ഉന്നയിച്ച അദ്ധ്യാപകരുടെ വിവരം ചുവടെ ചേർക്കുന്നു : **<u>കാലിക്കറ്റ് സർവകലാശാല</u>** ഡോ. ഉമ്മർ തറമ്മേൽ, പ്രൊഫസ്സർ(റിട്ട.) മലയാളം, കേരള പഠന വകുപ്പ്, ഡോ. മാർഗരറ്റ് വി. ജി., പ്രൊഫസ്സർ(റിട്ട), ഹിന്ദി പഠന വകുപ്പ്, ഡോ. മണികണ്ഠൻ, സൈക്കോളജി പഠന വകുപ്പ്, ഡോ. ജലജ വർമ്മ (റിട്ട.), സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ്. **<u>സംസ്കൃത സർവകലാശാല</u>** മലയാളം വിഭാഗത്തിൽ നിന്നും 30.04.2023-ന് വിരമിച്ച ഡോ. വി. എ. വത്സലന്റെ, മുൻകാല സേവനം കണക്കിലെടുത്ത്, സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ചപ്പോൾ ശമ്പളസംരക്ഷണവും പ്രമോഷനും നൽകിയിട്ടുള്ളത് കേരള സർവീസ് റൂൾസ് ചട്ടം 37 പ്രകാരം ചട്ടവിരുദ്ധമാണെന്നും, 2017-18 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക Part II B vii ൽ ടി ആളുടെ വിഷയം ഉന്നയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, നിബന്ധനകളോടെ, ടി ആളുടെ പെൻഷൻ നിർണ്ണയിച്ചത് അംഗീകരിച്ചു കൊണ്ട് സർവകലാശാലയെ അറിയിച്ചിരുന്നു.
(എഫ്)	പ്രസ്തുത ആഡിറ്റ് പരാമർശങ്ങൾ നീക്കാത്തതു മൂലം വിരമിച്ച അധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും അനുവദിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം ഇതുമൂലം പെൻഷൻ	(എഫ്)	ആഡിറ്റ് പരാമർശങ്ങൾ നീക്കാത്തതു മൂലം പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും അനുവദിക്കാത്ത അദ്ധ്യാപകരുടെ വിവരം ചുവടെ ചേർക്കുന്നു : **<u>കാലിക്കറ്റ് സർവകലാശാല</u>**

	ആനുകൂല്യങ്ങൾ പൂർണമായി അനുവദിക്കാൻ ബാക്കിയുള്ള അധ്യാപകരുടെ വിശദാംശം ലഭ്യമാക്കാമോ;?		1. ഡോ. ഉമ്മർ തറമ്മേൽ, ഡിപ്പാർട്ട്മെന്റ് ഓഫ് കേരള സ്റ്റഡീസ്. 2. ഡോ. മാർഗരറ്റ് വി., ജി ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി, കാലിക്കറ്റ് സർവകലാശാല. **<u>സംസ്കൃത സർവകലാശാല</u>** ഡോ. വി. എ. വത്സലന്റെ മാഹി കോളേജിലെ മുൻകാല സേവനം കണക്കാക്കി ശമ്പളസംരക്ഷണം നൽകിയതിന്മേൽ, ടി ആളുടെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ നിയമനം നേരിട്ടുള്ള നിയമനരീതിയിൽ കണക്കാക്കി ശമ്പളനിർണ്ണയം നടത്തി, ടിയാൻ കൈപ്പറ്റിയ അനർഹമായ തുക പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കേണ്ടതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സർവകലാശാലയെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

1/5870432/2023

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്

നമ്പർ.B2/131/2023-HEDN

13-09-2023,തിരുവനന്തപുരം

പ്രേഷകൻ

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

രജിസ്ട്രാർ,
കേരള / എം.ജി. / കാലിക്കറ്റ് / കൊച്ചി ശാസ്ത്ര-സാങ്കേതിക / ശ്രീ ശങ്കരാചാര്യ സംസ്കൃത / കണ്ണൂർ / തുഞ്ചത്തെഴുത്തച്ഛൻ മലയാള / ന്യൂവാൽസ് / എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര / ശ്രീനാരായണഗുരു ഓപ്പൺ — സർവ്വകലാശാലകൾ.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസം - സംസ്ഥാനത്തെ യു.ജി.സി./എ.ഐ.സി.ടി.ഇ. സ്കീമിന് കീഴിൽ വരുന്ന അധ്യാപകരുടെ മുൻകാല ശമ്പളം സംരക്ഷിക്കുന്നത് - സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2010, 2018 യു.ജി.സി. റെഗുലേഷനുകളിൽ നേരിട്ടുള്ള നിയമനത്തിനും CAS പ്രൊമോഷനും മുൻകാല സേവനം കണക്കാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ യു.ജി.സി. റെഗുലേഷനുകളിലോ ആയവ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ച (27.03.2010 ലെ ജി.ഒ.(പി)നം.58/2010/ഉ.വി.വ., 29.06.2019 തീയതിയിലെ G.O.(P)No.18/2019/HEDN) സർക്കാർ ഉത്തരവുകളിലോ മുൻകാല സേവനത്തിലെ ശമ്പളം സംരക്ഷിച്ചു നൽകുന്നത് സംബന്ധിച്ച പരാമർശമില്ല. മാത്രമല്ല പ്രസ്തുത സർക്കാർ ഉത്തരവുകളിൽ മുൻകാല സേവനം പരിഗണിക്കുന്നത് സംബന്ധിച്ച ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല.

യു.ജി.സി. റെഗുലേഷൻ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പരിഷ്കരിക്കണമെന്ന് യൂണിവേഴ്സിറ്റികൾക്ക് യഥാസമയം നിർദ്ദേശം നൽകാറുണ്ടെങ്കിലും അപ്രകാരം ചെയ്യാത്തതാണ് ഒഴിവാക്കേണ്ട പല വ്യവസ്ഥകളും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകളിൽ ഇപ്പോഴും നിലനിൽക്കുന്നതിനുള്ള കാരണം. മുൻകാല സേവനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച പരാമർശം യു.ജി.സി. റെഗുലേഷനുകളിലോ ആയത് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളിലോ ഇല്ലാത്ത സാഹചര്യത്തിലും ശമ്പള സംരക്ഷണം അനുവദിക്കുന്ന പക്ഷം ഈ ഇനത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാലും ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി കോടതി കേസുകൾ ഫയൽ ചെയ്തുവരുന്നതിനാലും ഒരു തസ്തികയിൽ ജോലി ചെയ്തുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ

ക്ഷണിച്ച് പരീക്ഷ / ഇന്റർവ്യൂ നടത്തി മറ്റൊരു നിയമനം നേടുന്ന പക്ഷം മുൻ നിയമനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നതിന് അനുവാദം നൽകുന്ന സർവകലാശാല സ്റ്റാറ്റ്യൂട്ട് ഒഴിവാക്കിക്കൊണ്ട് സർവകലാശാല സ്റ്റാറ്റ്യൂട്ടുകൾ മൂന്ന് മാസത്തിനകം പരിഷ്കരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
രാകേഷ് എസ്. പി
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
VINODINI A O
Date: 14-09-2023 10:46:52
സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ